LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 14 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അപേക്ഷ സമർപ്പിച്ചവരുടെ പേരു വിവരം താഴെ പറയുന്നു:

1. ശ്രീ. ദാമോദരൻ നായർ, പി. സി. റ്റി. 3388 (റിട്ടയേർഡ്)
2. ശ്രീ. കുഞ്ഞൻ നാടാർ, പി. സി. റ്റി. 3395 (റിട്ടയേർഡ്)
3. ശ്രീ. എ. വിജയൻ, പി. സി. റ്റി. 3410 (റിട്ടയേർഡ്)
4. ശ്രീ. കെ. കൃഷ്ണൻകുട്ടി, പി. സി. റ്റി. 3399 (റിട്ടയേർഡ്)
5. ശ്രീ. ജി. കൃഷ്ണൻ നായർ, പി. സി. റ്റി. 3880 (റിട്ടയേർഡ്)
6. ശ്രീ. എസ്. കൃഷ്ണൻകുട്ടി, പി. സി. റ്റി. 3361 (റിട്ടയേർഡ്)
7. ശ്രീ. എം. രാമചന്ദ്രൻ, പി. സി. റ്റി. 3468 (റിട്ടയേർഡ്)
8. ശ്രീ. ശിവാന്ദൻ നാടാർ, പി. സി. റ്റി. 3460 (റിട്ടയേർഡ്)
9. ശ്രീ. എം. കുഞ്ഞ്, പി. സി. റ്റി. 1704 (റിട്ടയേർഡ്)
10. ശ്രീ. കെ. കെ. ചിന്നപ്പൻ, സബ്ഇൻസ്പെക്ടർ ഓഫ് പോലീസ് (റിട്ടയേർഡ്)
11. ശ്രീ. ഡി. കൃഷ്ണൻകുട്ടി, സബ്ഇൻസ്പെക്ടർ ഓഫ് പോലീസ് (റിട്ടയേർഡ്)
12. ശ്രീ. എൻ. രാമചന്ദ്രൻ നായർ, പി. സി. കൃ. 2283 (റിട്ടയേർഡ്)
13. ശ്രീ. എൻ. ഭാർഗ്ഗവൻ നായർ എച്ച്. സി. റ്റി. 3453 (റിട്ടയേർഡ്)
14. ശ്രീ. സൈമൺ, പി. സി. കെ 4616 (റിട്ടയേർഡ്)

അപേക്ഷകൾ ലഭിച്ച തീയതി ശേഖരിച്ചുനൽകുന്നതാണ്. മേൽപ്പറഞ്ഞ ആർക്കും തന്നെ ആനുകൂല്യം നൽകിയിട്ടില്ല.

(സി) ആന്റ് (ഡി) മേൽപ്പറഞ്ഞ ആളുകളുടെ സർവ്വീസ് ബുക്കുകൾ, അവർക്കു നൽകിയിട്ടുള്ള ശംബളത്തിന്റെ വിശദാംശങ്ങൾ, 1966 മുതലുള്ള ശംബള പരിഷ്കരണ ഉത്തരവുകൾ, മറ്റു അനുബന്ധ രേഖകൾ തുടങ്ങിയവ കണ്ടെടുക്കുന്നതിനും, ആയവ വിശദമായി പരിശോധിക്കുന്നതിനും കൂടുതൽ സമയം ആവശ്യമുണ്ട്. ആനുകൂല്യം നൽകുന്നതിനുവേണ്ട നടപടികൾ പുരോഗമിച്ചുവരുന്നു.

മണൽ മാഫിയയുടെ ആക്രമത്തിനിരയായ പോലീസുകാർ

67 [1582] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണൽമാഫിയയുടെ ആക്രമണത്തിൽ ചിറ്റാർ പോലീസ് സ്റ്റേഷനിലെ എത്ര പോലീസുകാർക്കാണ് പരിക്കേറ്റിട്ടുള്ളത് ;

(ബി) എന്നായിരുന്നു സംഭവം എന്നറിയിക്കാമോ ;

(സി) ഏതൊക്കെ വകുപ്പുകളിലാണ് പ്രതികൾക്കെതിരെ കേസ്സെടുത്തിട്ടുള്ളത് ;

(ഡി) എത്ര പേരെ അറസ്റ്റ് ചെയ്തു ;

(ഇ) എന്തുകൊണ്ടാണ് മുഴുവൻ പ്രതികളേയും അറസ്റ്റ് ചെയ്യാതിരുന്നത് ;

(എഫ്) മണൽ മാഫിയക്കാരായ പ്രതികളെ സഹായിച്ചു എന്ന ആക്ഷേപം ഏതെങ്കിലും പോലീസ് ഓഫീസർക്കെതിരെ നിലവിലുണ്ടോ ;

(ജി) എങ്കിൽ അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) മണൽ മാഫിയയുടെ ആക്രമണത്തിൽ ചിറ്റാർ പോലീസ് സ്റ്റേഷനിലെ പോലീസുകാർക്ക് ആർക്കും പരിക്കു പറ്റിയിട്ടില്ല.

(ബി), (സി), (ഡി) ആന്റ് (ഇ) ബാധകമല്ല.

(എഫ്) പത്തനംതിട്ട ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ജി) ബാധകമല്ല.

സുനാമിയിൽപ്പെട്ടവരെ രക്ഷിച്ച പോലീസുകാർക്ക് പ്രൊമോഷൻ

68 [1583] ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരന്തത്തിൽപ്പെട്ടവരെ രക്ഷിക്കുന്നതിന് ശ്രമിക്കുന്നതിനിടയിൽ ഏതൊക്കെ പോലീസ് ഉദ്യോഗസ്ഥർ അപകടത്തിൽപ്പെട്ടുവെന്ന് വ്യക്തമാക്കുമോ ;

(ബി) ജീവൻ തൃണവൽഗണിച്ചും അപകട രംഗത്ത് പ്രവർത്തിച്ച ഇവർക്ക് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകിയത് ;

(സി) അപകടത്തിൽപ്പെട്ടവരുടെ സേവനം മാനിച്ച് ഇവർക്ക് സീനിയോറിറ്റി പരിഗണിക്കാതെ പ്രൊമോഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) താഴെപ്പറയുന്ന പോലീസ് ഉദ്യോഗസ്ഥന്മാർക്ക് പരിക്കു പറ്റിയിട്ടുണ്ട് :

1. കരുനാഗപ്പള്ളി സി. ഐ., ഇ. കെ. സാബു
2. കരുനാഗപ്പള്ളി എസ്. ഐ. (പ്രൊബേഷൻ) ശ്രീ. എം. കൃഷ്ണൻ.

LIBRARY ARCHIVES Kerala Legislative Assembly